1. രത്നാകരൻ കെ.
2. ഹബീബ്.എം
3. ഗോപകുമാർ. ആർ.സി.
4. സുനിൽകുമാർ. എസ്
5. ഉണ്ണിക്കൃഷ്ണൻ. എൻ.
6. സുബാഷ്.

പതിമൂന്നു മാസമായിട്ട് ഇവർക്ക് വേതനം നൽകുന്നില്ല. കാർട്ടേഴ്സ് മെയ്ന്റനൻസിനുള്ള 2216-01-106-97 എന്ന ശീർഷകത്തിൽ നിന്നാണ് ഇവർക്ക് ശമ്പളം നൽകി വരുന്നതെന്നതിനാൽ പ്രസ്തുത ഹെഡിൽ നിന്ന് ലറ്റർ ഓഫ് ക്രഡിറ്റ് ലഭിക്കുന്നതിനുള്ള കാലതാമസമാണ് കാരണം. ലറ്റർ ഓഫ് ക്രഡിറ്റ് ലഭ്യമാക്കുന്നതിനുള്ള അടിയന്തിര നടപടികളെടുത്തിട്ടുണ്ട്.

(സി & ഡി) ഉണ്ട്. എത്രയും വേഗം കുടിശ്ശിക തുക നൽകുന്നതിന് നടപടി സ്വീകരിച്ചു വരുന്നുണ്ട്.

റോഡുകളുടെ നിർമ്മാണത്തിനാവശ്യമായ ടാറിന്റെ ദൗർലഭ്യം

125 (717) ശ്രീ. ഇസ്ഹാക് കുരിക്കൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ടാറിന്റെ ദൗർലഭ്യം കാരണം സംസ്ഥാനത്തെ റോഡുകളുടെ നിർമ്മാണത്തിലോ മെയിന്റനൻസിലോ എന്തെങ്കിലും തടസ്സം നേരിട്ടതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഏതൊക്കെ ജില്ലകളിൽ ;

(ബി) ടാറിന്റെ ദൗർലഭ്യത്തിന് കാരണം വ്യക്തമാക്കാമോ ; ഏതൊക്കെ സ്ഥാപനങ്ങളിൽ നിന്നാണ് ടാർ ലഭിക്കുന്നത് ;

(സി) ഈ സ്ഥാപനങ്ങൾക്ക് ടാറിന്റെ വില നൽകുന്നതിൽ കുടിശ്ശികയുണ്ടോ ; എങ്കിൽ എത്ര ;

(ഡി) ടാർ യഥേഷ്ടം ലഭിക്കാൻ സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദീകരിക്കാമോ ;

(ഇ) 2000 ജനുവരി മുതൽ ഡിസംബർ വരെ ടാർ ലഭിച്ചതിന്റെ ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ ?

ഉത്തരം

(എ) തടസ്സം നേരിട്ടിട്ടില്ല. അല്പം കാലതാമസം നേരിട്ടതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ടാറിന്റെ ദൗർലഭ്യം ഉണ്ടായിരുന്നില്ല. ഇൻഡ്യൻ ഓയിൽ കോർപ്പറേഷൻ, ഭാരത് പെട്രോളിയം കോർപ്പറേഷൻ, ഹിന്ദുസ്ഥാൻ പെട്രോളിയം കോർപ്പറേഷൻ എന്നീ കമ്പനികളിൽ നിന്നാണ് ടാർ ലഭിക്കുന്നത്. ടി കമ്പനികൾക്ക് കുടിശ്ശിക തുക കൊടുത്തു തീർക്കുവാനുള്ളതുകൊണ്ട് അവർ ടാർ നൽകുവാൻ ശുഷ്കാന്തി കാട്ടിയിരുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

(സി) 1656 ലക്ഷം രൂപ കുടിശ്ശികയുണ്ട്.

(ഡി) കുടിശ്ശികകൾ എത്രയും പെട്ടെന്ന് കൊടുത്തു തീർക്കുവാൻ നടപടി സ്വീകരിച്ചു വരുന്നു.

(ഇ) 2000 ജനുവരി മുതൽ ഡിസംബർ വരെ ലഭിച്ച ടാറിന്റെ ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.

ജില്ല	ലഭിച്ച ടാർ (ടണ്ണിൽ)
തിരുവനന്തപുരം	2510
കൊല്ലം	3000
ആലപ്പുഴ	2272
പത്തനംതിട്ട	4407
കോട്ടയം	2709
ഇടുക്കി	3250
എറണാകുളം (മൂവാറ്റുപുഴ ഡിവിഷൻ അടക്കം)	5815
തൃശ്ശൂർ	4500
മലപ്പുറം	960
പാലക്കാട്	2709
കോഴിക്കോട്	4113
വയനാട്	1420
കണ്ണൂർ	1960
കാസർഗോഡ്	1372

ആലപ്പുഴ നഗരത്തിലെ നിർമ്മാണ പ്രവർത്തനങ്ങൾ

126 (722) ശ്രീ. കെ. സി. വേണുഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലപ്പുഴ നഗരത്തിൽ കഴിഞ്ഞ 5 വർഷത്തിനുള്ളിൽ പൊതുമരാമത്ത് വകുപ്പിന് കീഴിൽ റോഡ്സ്, ബിൽഡിംഗ്സ്, ബ്രിഡ്ജസ് സെക്ഷനുകളിലായി എത്ര കോടി രൂപയുടെ നിർമ്മാണ പ്രവർത്തനങ്ങളാണ് നടത്തിയിട്ടുള്ളത് ;

(ബി) ഇതിൽ ഓരോ വിഭാഗത്തിലുമായി നടന്ന നിർമ്മാണ പ്രവർത്തനങ്ങൾ എന്തൊക്കെയാണ് വിശദമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly